**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 511** **23-02-2022 - ൽ മറുപടിയ്ക്ക്**

**ആംനസ്റ്റി സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം ആംനസ്റ്റി സ്കീം പ്രകാരം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയാണ്; ഇതിൽ എത്ര രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്നത് 9642.25 കോടി രൂപയുടെ നികുതി കുടിശ്ശികയാണ്. മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 40% (തവണകളായി അടച്ചാൽ 50% ഒറ്റത്തവണയായി അടച്ചാൽ 40%) ആണ് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നത്. ഇതിൽ 2020-21 വർഷ കാലയളവിലെ ആംനസ്റ്റി സ്കീം പ്രകാരം 270.37 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ആംനസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | ആംനസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നുവെന്ന കരുതാൻ കഴിയില്ല. ജി.എസ്.ടി.ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം (2020-21) ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ച് മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ (2021-22) ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇതു പ്രകാരം നിരവധി വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിച്ച് കുടിശ്ശിക അടവാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ